**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - * 378 — 03.02.2014 - ൽ മറുപടിക്ക്

## പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ വഴി എംപ്ലോയ്മെന്റ് ലോണുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി.എഫ് തോമസ്**<br>**ശ്രീ. തോമസ് ഉണ്ണിയാടൻ**<br>**ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ. റ്റി.യു. കുരുവിള** | | **ശ്രീ. എ.പി. അനിൽകുമാർ**<br>**(പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി)** | |
| (എ) | പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ വഴി കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പാക്കുന്ന എംപ്ലോയ്മെന്റ് ലോണുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (എ) | മറ്റ് പിന്നോക്ക സമുദായക്കാർക്കും മതന്യൂനപക്ഷക്കാർക്കും പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ സ്വയംതൊഴിൽ വായ്പ നൽകി വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം 2013-14-ൽ 250 കോടി രൂപയുടെ വായ്പാ പദ്ധതികളാണ് ലക്ഷ്യമിടുന്നത്. ഇതിൽ 140 കോടി രൂപ സ്വയം തൊഴിൽ വായ്പാ പദ്ധതികൾക്കാണ് വകയിരുത്തി യിട്ടുള്ളത്. വകയിരുത്തിയ തുകയിൽ ഇതേ വരെയായി 101.16 കോടി രൂപ സ്വയം തൊഴിൽ വായ്പ ഇനത്തിൽ നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 260 കോടി രൂപയുടെ വായ്പാ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ 170 കോടി രൂപയും സ്വയം തൊഴിൽ ആവശ്യാർത്ഥം നൽകുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പിന്നോക്ക വികസന കോർപ്പറേഷൻ വഴി നൽകുന്ന വായ്പകളുടെ പലിശ കുറവ് ചെയ്യുകയും സബ്സിഡി കൂട്ടി നൽകുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി) | വളരെ ലളിതമായ പലിശ വ്യവസ്ഥ യിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ദേശീയ ഏജൻസികളുടെ നിബന്ധനകൾക്ക് വിധേയമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്ക്, പലിശ നിരക്കിൽ ഇളവ് വരുത്തുവാനും സബ്സിഡി കൂട്ടി നൽകാനും നിർവ്വാഹമില്ല. |

Vaijan

സെക്ഷൻ ഓഫീസർ